നമ്പർ ഇഇ(2)1157/2014

കേരള സർക്കാർ
കൃഷി വകുപ്പ്

ദർഘാസ് പരസ്യം

കേരള ഗവർണർക്കു വേണ്ടി കോഴിക്കോട് **ഉത്തര മേഖല കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ** താഴെ പറയുന്ന പ്രവർത്തികൾക്ക് നിശ്ചിത യോഗ്യതയുള്ള പൊതുമരാമത്ത്/ ജലവിഭവ വകുപ്പിലെ അംഗീകൃത കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ പ്രവർത്തിയുടെ പേരെഴുതി മുദ്രവെച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ്സുകൾ **24.01.2015**ന് വൈകുന്നേരം 2 മണി വരെ **രജിസ്റ്റേർഡ് തപാൽ മുഖാന്തിരം മാത്രം** സ്വീകരിക്കുന്നതും, അന്നേ ദിവസം 2.30 മണിയ്ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അപ്പോൾ സന്നിഹിതരായിട്ടുള്ള ദർഘാസുകാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ടി ദിവസം പൊതു അവധിയായി പ്രഖ്യാപിക്കപ്പെട്ടാൽ തൊട്ടടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമായിരിക്കും. പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ദർഘാസ് നമ്പർ. | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും. | നിരത ദ്രവ്യം | ദർഘാസ് പ്രമാണ ത്തിൻെറ വില | പ്രവർത്തി ചെയ്തു തീർക്കേണ്ട കാലാവധി. |
|---|---|---|---|---|
| EE(2) 822/2014 | കണ്ണൂർ തളിപ്പറമ്പ് ജില്ലാ കൃഷി ഫാമിലെ ജലസ്രോതസ്സ് വർദ്ധിപ്പിക്കലും ജലസേചന സൗകര്യം ഏർപ്പെടുത്തലും. **Rs. 16,10,000/-** | 40,300/-രൂപ | 3000/- രൂപ + വാറ്റ് | 9 മാസം |
| EE(2) 1157/2014 | മലപ്പുറം മുണ്ടേരിയിലെ സീഡ് ഗാർഡൻ കോംപ്ലക്സിൽ പോളി ഹൗസിന്റെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും. **Rs. 23,50,000/-** | 50,000/-രൂപ | 4,400/- രൂപ + വാറ്റ് | 6 മാസം |
| EE(2) 1130/2014 | കണ്ണൂർ തളിപ്പറമ്പ് ജില്ലാ കൃഷി ഫാമിൽ ഗ്രീൻ ഹൗസ് (2 എണ്ണം) നിർമ്മാണം. **Rs. 22,30,000/-** | 50,000/-രൂപ | 4,200/- രൂപ + വാറ്റ് | 6 മാസം |

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും താഴെ ഒപ്പു വച്ചിരിക്കുന്ന ഉദ്യോഗസ്ഥൻെറ കാര്യാലയത്തിൽ നിന്നും **22.01.2015** ഉച്ചയ്ക്ക് ഒരു മണി വരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിൻെറ വില രൊക്കം പണമായടച്ച് രേഖാമൂലം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ മേൽ പറഞ്ഞ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും അവ അന്യോന്യം കൈമാറുവാൻ പാടില്ലാത്തതു മാകുന്നു. ദർഘാസ് പ്രമാണത്തിൻെറ വില യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. അംഗീകൃത ബാങ്കിൽനിന്നും കോഴിക്കോട് കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ പ്രവർത്തികൾക്ക് ദർഘാസ് സമർപ്പിക്കുമ്പോൾ **150/-** രൂപയുടെ മുദ്രപത്രത്തിൽ ഒരു പ്രാഥമിക ഉടമ്പടി വയ്ക്കേണ്ടതാണ്. ദർഘാസുകളെ സംബന്ധിക്കുന്ന എല്ലാ സർക്കാർ നിബന്ധനകളും നിയമങ്ങളും ഈ ദർഘാസിനും ബാധകമായിരിക്കും.

**കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,**
**റീജിനൽ ഓഫീസ്, പുതിയറ. പി.ഒ.,**
**കോഴിക്കോട്-4. തീയതി: 27.12.2014.**
**ഫോൺ : 04952725354**

കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരള ഗവർണ്ണർക്കു വേണ്ടി)

jp2712.4